സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളം പൂർണമായും ജി-സ്പാർക്ക് സംവിധാനത്തിലൂടെ മാത്രം വിതരണം ചെയ്യുന്ന സംഗതി -സംബന്ധിച്ച്**

ROC No 16335/17/EDP  തീയതി 04/06/2025

പരാമർശം : 02/06/ 2025ലെ മേൽ നമ്പർ ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ 2025 മെയ് മാസത്തെ ശമ്പളം ജി-സ്പാർക്ക് മുഖേന മാത്രം പ്രോസ്സസ് ചെയ്ത് വിതരണം ചെയ്യുന്നതിനും, അപ്രകാരം ചെയ്തിട്ടില്ലാത്ത ഓഫീസുകളിലെ ശമ്പളം പ്രോസ്സസ് ചെയ്യുന്നതിനും, വെരിഫൈ ചെയ്യുന്നതിനും, അപ്രൂവ് ചെയ്യുന്നതിനും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ജി-സ്പാർക്ക് വഴി മുഴുവൻ ജീവനക്കാരുടെയും ശമ്പളം പ്രോസ്സസ് ചെയ്തതിന് ശേഷം മാത്രമേ അവരവരുടെ ശമ്പളം ചെലവ് എഴുതാൻ പാടുള്ളൂ എന്നും, ജി-സ്പാർക്ക് വഴി പ്രോസ്സസ് ചെയ്യാത്ത കാരണത്താൽ മറ്റു ജീവനക്കാരുടെ മെയ് മാസത്തെ ശമ്പളം മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിന് മാനുവൽ ബിൽ ഉപയോഗിക്കുന്നതിന് അനുവദിച്ചും സൂചന ഉത്തരവായി. കൂടാതെ ജൂൺ മാസം മുതൽ മാനുവൽ ബിൽ മാത്രം പ്രോസ്സസ് ചെയ്യുന്ന രീതി അനുവദിക്കുന്നതല്ല എന്നും, ജൂൺ മാസം പത്താം തീയതിക്കകം നിലവിലെ ജി-സ്പാർക്ക് സംബന്ധിച്ച തടസ്സങ്ങൾ പരിഹരിക്കേണ്ടതും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ മേൽ മുന്നറിയിപ്പില്ലാതെ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉത്തരവായിരുന്നു.

അതിന്റെ അടിസ്ഥാനത്തിൽ ജി-സ്പാർക്ക് ഓരോ ഓഫീസിലും നടപ്പാക്കുന്നതിന് സ്പാർക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ(PMU) സാങ്കേതിക സഹായത്തോടെ ഓൺലൈൻ ക്ലാസ്സുകളും ഒപ്പം ടെലിഫോൺ മുഖാന്തിരമുള്ള സപ്പോർട്ടും നൽകി വരുന്നു. അപ്രകാരം ഭൂരിഭാഗം ഓഫീസുകളിലും മുഴുവൻ ജീവനക്കാരുടെയും ശമ്പളം ജി-സ്പാർക്കുമുഖാന്തിരം പ്രോസ്സസ് ചെയ്തിട്ടുള്ളതാണ്. ചുരുക്കം ചില ഓഫീസുകളിൽ ജി-സ്പാർക്കു പ്രോസ്സസ് ചെയ്തതിൽ വന്ന അപാകതകൾ കൊണ്ടും, ചില ജീവനക്കാരുടെ സർവ്വീസ് ബുക്കിലെയും റിക്കവറികളിലെയും അവ്യക്തതകൾ കൊണ്ടും ശമ്പളം ജി-സ്പാർക്ക് വഴി പ്രോസ്സസ് ചെയ്യാൻ സാധിച്ചിട്ടില്ല. ആയത് സ്പാർക്ക് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ സഹായത്തോടെ പരിഹരിച്ചുവരുന്നു. വിദ്യാലയങ്ങൾ ജൂൺ മാസത്തിൽ അദ്ധ്യയനം ആരംഭിക്കുന്നതിനാൽ ഉദ്യോഗസ്ഥരുടെ ശമ്പളം വൈകുന്നത് പലവിധ ബുദ്ധിമുട്ടുണ്ടാക്കുമെന്നതു പരിഗണിച്ചും, മാനുഷിക പരിഗണന നൽകിയും ഒരു മാസത്തേക്കു കൂടി ടി ഉദ്യോഗസ്ഥരുടെ ശമ്പളം ചെലവെഴുതുന്നതിന് അനുവദിക്കാവുന്നതാണ് എന്ന് ബോർഡ് വിലയിരുത്തി.

മേൽ സാഹചര്യത്തിൽ സൂചന ഉത്തരവ് ഭേദഗതി ചെയ്ത്

1. മാനുവലായി ശമ്പളം നൽകേണ്ടിവന്ന ഓഫീസുകളിലെ ശമ്പളം പ്രോസ്സസ് ചെയ്യുന്നതിനും, വെരിഫൈ ചെയ്യുന്നതിനും, അപ്രൂവ് ചെയ്യുന്നതിനും

ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ (AC, HC, AO/SGO, EE, DA) മെയ് മാസത്തെ മാത്രം ശമ്പളം ചെലവെഴുതുന്നതിന് അനുവദിക്കുന്നു. വരും മാസങ്ങളിൽ മുഴുവൻ ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും ശമ്പളം ജി-സ്പാർക്കുവഴി മാത്രം പ്രോസ്സസ് ചെയ്യുന്നതിനും ഉത്തരവാകുന്നു.

2. ജൂൺ മാസം 20 നു മുമ്പായി ജി-സ്പാർക്ക് സംബന്ധിച്ച തടസ്സങ്ങൾ പരിഹരിച്ച് മെയ്മാസത്തെ ശമ്പളം ജി-സ്പാർക്കിൽ പൂർണ്ണമായും ജനറേറ്റുചെയ്യുന്നതിനും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടികൾ മുന്നറിയിപ്പില്ലാതെ സ്വീകരിക്കുന്നതാണെന്നും ഉത്തരവാകുന്നു.

3. ജി-സ്പാർക്കു നടപ്പാക്കിയതിന്റെ അവലോകന യോഗം ജൂൺ മാസം 21 ന് ബോർഡ് തലത്തിൽ നടത്തുന്നതിനും പ്രസ്തുത അവലോകനയോഗത്തിൽ എല്ലാ ഡി.ഡി.ഒ മാരും അവരവരുടെ കീഴിലുള്ള ഓഫീസുകളിലെ ജീവനക്കാരുടെ പെൻ നമ്പർ അടക്കമുള്ള ജി-സ്പാർക്കിൽ നിന്നു ലഭിക്കുന്ന സ്റ്റേറ്റുമെന്റുമായി പങ്കെടുക്കേണ്ടതാണന്നും ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

(ഒപ്പ്)

സെക്രട്ടറി

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(ഡിജിറ്റൈസേഷൻ)

<u>പകർപ്പ്</u>

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനിയർ
3. സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് ആന്റ് സെക്യൂരിറ്റി
4. ദേവസ്വം അക്കൌണ്ട്സ് ഓഫീസർ
5. എല്ലാ ഓഫീസ് മേധാവികൾക്കും
6. വെബ് സൈറ്റ്
7. സക്ഷൻ ഫയൽ
8. ഫെയർ ഓഫീസ് കോപ്പി